(സി) സ്കൂൾ ബാഗിന്റെ അമിത ഭാരം കാരണം 10 വയസ്സിന് താഴെയുള്ള 58% കുട്ടികളിലും അസ്ഥി സംബന്ധമായ രോഗമുള്ളതായി മഹാരാഷ്ട്ര ഹൈക്കോടതിയുടെ നിരീക്ഷണം ശ്രദ്ധയിൽപ്പെട്ടുവോ എന്നും കേരള സർക്കാർ ഇക്കാര്യം പരിശോധിച്ചുവോ എന്നും എങ്കിൽ വിശദാംശം എന്ത് എന്നും ഇത് തടയാൻ എന്ത് നടപടി സ്വീകരിച്ചുവെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

പുഷ്പലത ടീച്ചറുടെ മരണം

61 (3787) ശ്രീ. കെ. കെ. ജയചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഞ്ചിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂൾ പ്രധാന അദ്ധ്യാപികയായിരുന്ന പുഷ്പലത ടീച്ചറുടെ മരണവുമായി ബന്ധപ്പെട്ട് എ.ഡി.പി.ഐ. അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിരുന്നുവോ ; റിപ്പോർട്ടിന്റെ വിശദാംശം നൽകാമോ ;

(ബി) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിനും സീനിയർ സൂപ്രണ്ടിനും എതിരായി നടപടി സ്വീകരിക്കണമെന്ന് ശിപാർശ ചെയ്ത പ്രസ്തുത റിപ്പോർട്ടിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് ; നടപടി സ്വീകരിച്ചിട്ടില്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) എ.ഡി.പി.ഐ. അന്വേഷണം നടത്തി ഡി.പി.ഐ.-യ്ക്ക് സമർപ്പിച്ച റിപ്പോർട്ടിന്മേൽ നടപടി സ്വീകരിക്കാതെ പുതിയതായി ഹിയറിംഗ് നടത്താനിടയായ സാഹചര്യം വിശദീകരിക്കാമോ ;

(ഡി) വിദ്യാഭ്യാസ സെക്രട്ടറി ഹിയറിംഗ് നടത്തി എന്ത് നടപടിയാണ് സ്വീകരിച്ചത് ; വിശദാംശം നൽകാമോ ;

(ഇ) പുഷ്പലത ടീച്ചർ മരിക്കാനിടയായ സംഭവത്തിൽ വിദ്യാഭ്യാസ വകുപ്പ് ജീവനക്കാർക്ക് വീഴ്ച പറ്റിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാർക്ക് എതിരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ ?

ഉത്തരം

(എ) നൽകിയിരുന്നു. 13-3-2015-ൽ കഞ്ചിത്തണ്ണി ഗവൺമെന്റ് ഹൈസ്കൂളും, ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറേറ്റും നേരിട്ട് സന്ദർശിച്ച് അന്വേഷണം നടത്തിയ്തിനുശേഷം അഡീഷണൽ ഡയറക്ടർ (അക്കാദമിക്) ശ്രീ. എം.ഡി. മുരളി പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് സമർപ്പിച്ച റിപ്പോർട്ടിൽ ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിരുന്ന

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എൻ. ശശിധരനും സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. പി. എച്ച്. ഇസ്മായിലിനുമെതിരെ ഉചിതമായ നടപടികൾ സ്വീകരിക്കണമെന്ന് ശിപാർശ ചെയ്തിരുന്നു.

(ബി-ഇ) ഇടുക്കി വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ സീനിയർ സൂപ്രണ്ട് ആയിരുന്ന ശ്രീ. പി. എച്ച്. ഇസ്മായിലിനെ നിയമനാധികാരിയായ പൊതുവിദ്യാഭ്യാസ ഡയറക്ടർ 12-3-2015-ലെ വി4/19478/2015/ഡിപിഐ നമ്പർ ഉത്തരവ് പ്രകാരം സസ്പെന്റ് ചെയ്യുകയും ടി ഓഫീസിലെ അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ് ആയിരുന്ന ശ്രീ. കെ. എൻ. ശശിധരനെ സർവ്വീസിൽനിന്നും സസ്പെന്റ് ചെയ്യുന്നതിന് സർക്കാരിലേക്ക് ശിപാർശ ചെയ്യുകയും ചെയ്തു. ഈ വിഷയത്തിൽ ശ്രീ. കെ. എൻ. ശശിധരൻ, ശ്രീ. പി. എച്ച്. ഇസ്മായിൽ എന്നിവരുടെ സങ്കട ഹർജികൾ വിശദമായി പരിശോധിച്ചതിൽ ഇവർക്കെതിരെ ഉന്നയിക്കപ്പെട്ട ആരോപണങ്ങൾ രാഷ്ട്രീയപ്രേരിതമാണെന്ന ആക്ഷേപം ഉണ്ടായതിനാലും ഇതുസംബന്ധിച്ച് പോലീസ് രജിസ്റ്റർ ചെയ്ത കേസിൽ വിദ്യാഭ്യാസ വകുപ്പ് അധികൃതർ നടത്തിയ അന്വേഷണവും ഹെഡ്മിസ്ട്രസ്സിന്റെ മരണവും തമ്മിൽ ബന്ധമില്ലെന്ന് പോലീസ് റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ളതിനാലും സർവ്വീസിൽനിന്നും അടുത്തുതന്നെ വിരമിക്കാനിരുന്ന ടി രണ്ട് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കുന്നതിനുമുമ്പ് വിദ്യാഭ്യാസ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി അവരെ നേരിൽ കേൾക്കുന്നതിനും ശിക്ഷണ നടപടി നിലനിർത്തിക്കൊണ്ട് ശ്രീ. പി. എച്ച്. ഇസ്മായിലിനെ സർവ്വീസിൽ തിരിച്ചെടുക്കുന്നതിനും തീരുമാനിച്ചു. 23-3-2015-ന് ടി ഉദ്യോഗസ്ഥരെയും അന്തരിച്ച ഹെഡ്മിസ്ട്രസ്സിന്റെ ബന്ധുക്കളെയും നേരിൽ കേട്ടതിന്റെ വെളിച്ചത്തിൽ ടി ഉദ്യോഗസ്ഥർക്ക് ഹെഡ്മിസ്ട്രസ്സിന്റെ മരണത്തിൽ നേരിട്ടോ അല്ലാതെയോ യാതൊരു ബന്ധവുമില്ലെന്ന് കണ്ടെത്തി ഈ രണ്ട് ഉദ്യോഗസ്ഥർക്കെതിരെയും തുടർ നടപടികൾ ആവശ്യമില്ലെന്ന് തീരുമാനിച്ചു.

നാലുചിറ ഗവൺമെന്റ് ഹൈസ്കൂളിലെ അദ്ധ്യാപക-അനദ്ധ്യാപക നിയമനം

62 (3788) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാലുചിറ ഗവൺമെന്റ് ഹൈസ്കൂളിൽ, ഹൈസ്കൂൾ വിഭാഗത്തിൽ ആവശ്യമായ അദ്ധ്യാപകരുടെ എണ്ണം എത്ര ; തസ്തിക തിരിച്ച് വ്യക്തമാക്കാമോ ; ഓരോ വിഭാഗത്തിലും എത്ര അദ്ധ്യാപകർ ജോലി ചെയ്യുന്നു ; വിശദമാക്കാമോ ;

(ബി) 2015-16 അദ്ധ്യയനവർഷം ഹൈസ്കൂൾ വിഭാഗത്തിൽ ഓരോ ക്ലാസിലും എത്ര ഡിവിഷനുകളാണുള്ളത് ; വ്യക്തമാക്കാമോ ;

LIBRARY ARCHIVES Kerala Legislative Assembly